**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3816** **09-10-2025 - ൽ മറുപടിയ്ക്ക്**

**ഓർമ്മത്തോണി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ വി ജോയി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ എം രാജഗോപാലൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഡിമെൻഷ്യ സൗഹൃദ കേരളം പദ്ധതിയായ ഓർമ്മത്തോണി മുഖാന്തിരം എന്തെല്ലാം പ്രവർത്തനങ്ങളാണ് ഡിമെൻഷ്യ കെയറിംഗിനായി വിഭാവനം ചെയ്തിട്ടുള്ളത്; വിശദാംശം നൽകാമോ; | (എ) | ഡിമെൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം അതൊരു സാമൂഹ്യ പ്രശ്നമായി കൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമെൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ***'ഡിമെൻഷ്യ സൗഹൃദ കേരളം'*** എന്ന ഒരു നൂതന പദ്ധതിക്ക് സാമൂഹ്യനീതി വകുപ്പ് 2023-24 വർഷം തുടക്കം കുറിച്ചു. **ഓർമ്മത്തോണി** എന്ന പേര് നൽകിയിരിക്കുന്ന ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ആരോഗ്യ സർവകലാശാല തുടങ്ങിയവയുടെ സഹകരണത്തോടെ കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖേനയാണ് നടപ്പാക്കുന്നത്. സമീപകാല സംഭവങ്ങളുടെ മറവി, പുതിയ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയാത്ത അവസ്ഥ, ഏകാഗ്രത നഷ്ടപ്പെടൽ ,സംസാരങ്ങളിലെ ആവർത്തനം തുടങ്ങിയ ലഘു ലക്ഷണങ്ങളിൽ തുടങ്ങി കൂടുതൽ ഗുരുതരമായ അവസ്ഥകളിലേക്ക് എത്തിച്ചേരുകയാണ് മിക്കപ്പോഴും ഡിമൻഷ്യ ബാധിതർക്ക് സംഭവിച്ച വരുന്നത്. എന്നാൽ സമയബന്ധിതമായി ഡിമെൻഷ്യ കണ്ടെത്തി വിവിധങ്ങളായ പ്രൈമറി, സെക്കൻഡറി, ടെറിഷറി പ്രിവൻഷൻ സമീപനങ്ങളിലൂടെ mild dementia അവസ്ഥയിൽ നിന്നും സിവിയർ ഡിമെൻഷ്യ എന്ന അവസ്ഥയിലേക്കുള്ള പ്രോഗ്രഷൻ നിയന്ത്രിക്കാൻ കഴിയും എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ഇതിലേക്ക് വേണ്ട പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നു. സംസ്ഥാനത്തെ 91 വയോമിത്രം യൂണിറ്റുകൾ കേന്ദ്രീകരിച്ച് സ്ക്രീനിങ്, ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മെമ്മറി ക്ലിനിക്കുകൾ, മരുന്ന് |

| | | | |
|---|---|---|---|
| | | | ആവശ്യമുള്ളവർക്ക് ആയത് ലഭ്യമാക്കുക തുടങ്ങിയ പരിപാടികളാണ് നടപ്പാക്കുന്നത്. തൃശ്ശൂർ ജില്ലയിൽ 2 ഇടങ്ങളിലും, തിരുവനന്തപുരത്തും ഡിമെൻഷ്യ രോഗികൾക്കായുള്ള ഡേ-കെയർ സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തൃശ്ശൂർ ജില്ലയിൽ ഒല്ലൂക്കര ബ്ലോക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി ഡിമെൻഷ്യ രോഗികൾക്കായുള്ള ഡേ-കെയർ സെന്റർ ഉടൻ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വരുന്നു. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഡിമെൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം അതൊരു സാമൂഹ്യ പ്രശ്നമായി കൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമെൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ***'ഡിമെൻഷ്യ സൗഹൃദ കേരളം'*** എന്ന ഒരു നൂതന പദ്ധതിക്ക് സാമൂഹ്യനീതി വകുപ്പ് 2023-24 വർഷം തുടക്കം കുറിച്ചു. **ഓർമ്മത്തോണി** എന്ന പേര് നൽകിയിരിക്കുന്ന ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ആരോഗ്യ സർവകലാശാല തുടങ്ങിയവയുടെ സഹകരണത്തോടെ കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖേനയാണ് നടപ്പാക്കുന്നത്. സമീപകാല സംഭവങ്ങളുടെ മറവി, പുതിയ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയാത്ത അവസ്ഥ, ഏകാഗ്രത നഷ്ടപ്പെടൽ ,സംസാരങ്ങളിലെ ആവർത്തനം തുടങ്ങിയ ലഘു ലക്ഷണങ്ങളിൽ തുടങ്ങി കൂടുതൽ ഗുരുതരമായ അവസ്ഥകളിലേക്ക് എത്തിച്ചേരുകയാണ് മിക്കപ്പോഴും ഡിമൻഷ്യ ബാധിതർക്ക് സംഭവിച്ചു വരുന്നത്. എന്നാൽ സമയബന്ധിതമായി ഡിമെൻഷ്യ കണ്ടെത്തി വിവിധങ്ങളായ പ്രൈമറി, സെക്കൻഡറി, ടെറിഷറി പ്രിവൻഷൻ സമീപനങ്ങളിലൂടെ mild dementia അവസ്ഥയിൽ നിന്നും സിവിയർ ഡിമെൻഷ്യ എന്ന അവസ്ഥയിലേക്കുള്ള പ്രോഗ്രഷൻ നിയന്ത്രിക്കാൻ കഴിയും എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ഇതിലേക്ക് വേണ്ട പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നു. സംസ്ഥാനത്തെ 91 വയോമിത്രം യൂണിറ്റുകൾ കേന്ദ്രീകരിച്ച് സ്ക്രീനിങ്, ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മെമ്മറി ക്ലിനിക്കുകൾ, മരുന്ന് ആവശ്യമുള്ളവർക്ക് ആയത് ലഭ്യമാക്കുക തുടങ്ങിയ പരിപാടികളാണ് നടപ്പാക്കുന്നത്. തൃശ്ശൂർ ജില്ലയിൽ 2 ഇടങ്ങളിലും, തിരുവനന്തപുരത്തും ഡിമെൻഷ്യ രോഗികൾക്കായുള്ള ഡേ-കെയർ സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ ജില്ലയിൽ ഒല്ലൂക്കര ബ്ലോക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി ഡിമെൻഷ്യ രോഗികൾക്കായുള്ള ഡേ-കെയർ സെന്റർ ഉടൻ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വരുന്നു. |
| (സി) | ഡിമെൻഷ്യ കെയറിംഗിനായി മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | സാമൂഹ്യ നീതി വകുപ്പ് Alzheimer's & Related Disorders Society of India (ARDSI) സഹകരണത്തോടെ 2014-15 മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് സ്മൃതിപഥം. ഈ പദ്ധതിയുടെ കീഴിൽ എറണാകുളം ജില്ലയിലെ എടവനക്കാട് ഒരു ഫുൾ ടൈം ഡിമെൻഷ്യ കെയർ സെന്ററും തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് ഒരു പകൽ പരിപാലനകേന്ദ്രവും പ്രവർത്തിച്ചു വരുന്നു. ഡിമെൻഷ്യ രോഗികളുടെ സംരക്ഷണത്തിനായി കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖേന ഓർമ്മത്തോണി പദ്ധതി നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ 2025-26 സാമ്പത്തിക വർഷം മുതൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് പ്രവർത്തിക്കുന്ന പകൽ പരിപാലനകേന്ദ്രത്തെ ഓർമ്മത്തോണി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓർമ്മത്തോണി പദ്ധതി പ്രകാരം 2025-26 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടത്താനുദ്ദേശിക്കുന്നു.<br><br>1. ഈ വിഷയത്തിൽ പൊതു സമൂഹത്തിനു അവബോധം നൽകുന്നതിനു വേണ്ടി ദൃശ്യ, പത്ര സമൂഹ മാധ്യമങ്ങൾ വഴിയുള്ള പ്രചരണം<br><br>2. പ്രത്യേക വെബ്സൈറ്റ് രൂപീകരണം<br><br>3. ഹെല്പ് ഡസ്ക് സൗകര്യങ്ങൾ ഏർപ്പെടുത്തൽ<br><br>4. IEC പ്രവർത്തനങ്ങളുടെ ഭാഗമായി ലീഫ് ലെറ്റ്, പോസ്റ്റർ, ലഘു വീഡിയോ എന്നിവ തയ്യാറാക്കൽ.<br><br>5. ഓർമ്മത്തോണി പദ്ധതി SOP തയ്യാറാക്കൽ<br><br>6.തൃശ്ശൂർ ജില്ലയിൽ 2 ഇടങ്ങളിലും, തിരുവനന്തപുരത്തും ഡിമെൻഷ്യ രോഗികൾക്കായുള്ള ഡേ-കെയർ സെന്റർ തുടങ്ങുന്ന വിഷയം പരിശോധിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ